# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 140 — 06-03-2017 ൽ മറുപടിയ്ക്ക്

# ചെറുകിട തുറമുഖങ്ങളുടെ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ആൻസലൻ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. എസ്.ശർമ്മ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ശ്രീ. എ.പ്രദീപ് കുമാർ | : | സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. എ.എൻ.ഷംസീർ | : | |

(എ) ചരക്ക ഗതാഗതത്തിന്റെ ഇരുപത് ശതമാനം തീരക്കടലിലൂടെയും കനാലുകളിലൂടെയുമാക്കി മാറ്റുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(എ) ചെറുകിട തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ മുതലായ തുറമുഖങ്ങളിൽ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ നീക്കം ചെയ്യുന്നതിനായി റീച്ച് സ്റ്റാക്കറുകൾ, ക്രെയിനുകൾ, ഫോർക്ക് ലിഫ്റ്റുകൾ മുതലായവ സ്ഥാപിച്ചിട്ടുണ്ട്. കപ്പൽ ഗതാഗതം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ വി.ടി.എം.എസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിനായി 10 മീറ്റർ ആഴത്തിൽ വരെ ഡ്രഡ്ജ് ചെയ്യാൻ ശേഷിയുള്ള ഡ്രഡ്ജർ വാങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കപ്പലുകൾ തുറമുഖങ്ങളിലേക്ക് അടുപ്പിക്കുവാൻ ശേഷിയുള്ള രണ്ട് ടഗ്ഗുകൾ വാങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ എന്നീ 5 തുറമുഖങ്ങളാണ് സംസ്ഥാനസർക്കാർ മുൻഗണനാക്രമത്തിൽ വികസിപ്പിച്ചു വരുന്നത്. കൊല്ലം തുറമുഖത്ത് ഒന്നാം ഘട്ട വികസനം ഏകദേശം പൂർത്തിയായി. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഒരു മൾട്ടിപർപ്പസ് ബർത്തിന്റെ പണിയും, ആഴം 10 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ ഇവിടെ ഇ.ഡി.ഐ സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ പുതുതായി ഒരു വാർഫ് നിർമ്മിക്കുന്നതിനും ആഴം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കാൻ കഴിഞ്ഞ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ;

(ബി) തുറമുഖങ്ങളിലെ ആഴം കൂട്ടുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ഡ്രഡ്ജിംഗ് ആരംഭിച്ചിട്ടുണ്ട്.

സാഗർമാല, ഭാരത് മാല, കേരള ഇൻഫ്രാ സ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എന്നിവ വഴിയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന വേണ്ടിയുള്ള സ്പെഷ്യൽ

പർപ്പസ് വെഹിക്കിൾ ആയി കേരളാ സംസ്ഥാന മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷനെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്

സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ മുഖാന്തിരം ഗുജറാത്ത് - കൊല്ലം മേഖലയിൽ എം.വി സൂര്യമുഖി എന്ന കപ്പൽ ചാർട്ട് ചെയ്ത് ചരക്ക് നീക്കം നടത്തുകയുണ്ടായി.

തങ്കശ്ശേരി തുറമുഖത്തിന്റെ ചാനൽ, ബേസിൻ എന്നിവയുടെ ആഴം വർദ്ധിപ്പിക്കുന്നതിനായി 5.77 കോടി രൂപയുടെ പ്രവൃത്തികൾ കെ.എസ്.എം.ഡി.സി മുഖാന്തിരം നടത്തിയിട്ടുണ്ട്.

ബേപ്പൂർ തുറമുഖത്ത് നിന്ന് ഹാർഡ് ലാറ്ററൈറ്റ് , മെക്കാനിക്കൽ ഡ്രഡ്ജിംഗ് മുഖാന്തിരം നീക്കുന്നതിനുള്ള 2.36 കോടി രൂപയുടെ പ്രൊജക്ട് കെ.എസ്.എം.ഡി.സി.എൽ നടപ്പാക്കി വരുന്നു.

കൊടുങ്ങല്ലൂർ തുറമുഖത്തെ മെക്കാനിക്കൽ ഡ്രഡ്ജിംഗിനായുള്ള നാലുകോടി രൂപയുടെ പ്രൊജക്ട് 2014-ൽ കെ.എസ്.എം.ഡി.സി.എൽ ഏറ്റെടുത്ത് പൂർത്തീകരിച്ചു.

| | | |
|---|---|---|
| (സി) | സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ? | (സി) ചെറുകിട തുറമുഖങ്ങളുടെ വികസനം ലക്ഷ്യമാക്കി ചരക്ക് ഗതാഗതം പ്രോത്സാഹിപ്പി ക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ മുതലായ തുറമുഖങ്ങളിൽ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ നീക്കം ചെയ്യുന്നതിനായി റീച്ച് സ്റ്റാക്കറുകൾ, ക്രെയിനുകൾ, ഫോർക്ക് ലിഫ്റ്റുകൾ മുതലായവ സ്ഥാപിച്ച് ഉപയോഗിച്ചുവരുന്നു. തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 10 മീറ്റർ ആഴത്തിൽ വരെ ഡ്രഡ്ജ് ചെയ്യാൻ ശേഷിയുള്ള ഡ്രഡ്ജർ വാങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കപ്പലുകൾ തുറമുഖങ്ങളിലേക്ക് അടുപ്പിക്കുവാൻ ശേഷിയുള്ള രണ്ട് ടഗ്ഗുകൾ വാങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിഴിഞ്ഞം, ബേപ്പൂർ തുറമുഖങ്ങളിലേക്കായി 2000 എച്ച്.പി ശേഷിയുള്ള രണ്ട് ടഗ്ഗുകൾ വാങ്ങുന്നതിനും ബേപ്പൂർ തുറമുഖത്തെ ചരക്കു ഗതാഗതം സുഗമമായി നടക്കുന്നതിനായി 14 ടൺ ശേഷിയുള്ള രണ്ട് നമ്പർ പിക് & ക്യാരി ക്രെയിനുകളും , 3 ടൺ ശേഷിയുള്ള ഒരു ഫോർക്ക് ലിഫ്റ്റും വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ